MATHRUBHUMI 04-11-2025

കായൽ നിറയുന്ന പോളപ്പായൽ: തൊഴിലാളികളുടെ അന്നം മുട്ടിക്കുന്നു

ഇടക്കൊച്ചി കായലിൽ പോളപ്പായൽ നിറഞ്ഞപ്പോൾ

പള്ളുരുത്തി ▸ ഇടക്കൊച്ചി കായലിൽ വിണ്ടും പോളപ്പായൽ നിറയുന്നു. പായലിന്റെ ശക്തിയായ വളർച്ചയിൽ, ഉത്തരിക്കുടികൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ തകർന്നുവീഴുന്നു. കായലിലേക്ക് ഇറങ്ങാൻകഴിയാത്തവിധം പായൽ നിറയുകയാണ്. വഞ്ചികൾ കായലിൽ ഇറക്കാനും കഴിയുന്നില്ല. കായലിന് മീതെ പായൽ മൂടിക്കിടക്കുന്നതിനാൽ, അരയിലേക്ക് സൂര്യപ്രകാശംപോലും കടക്കുന്നില്ല. കായലിൽ മത്സ്യങ്ങൾക്ക് ജീവിക്കാനുള്ള സാഹചര്യംതന്നെ ഇല്ലാതാകുകയാണ്. കടുത്ത മത്സ്യക്ഷാമമാണ് മേഖലയിൽ.

തൊഴിലിടം നഷ്ടപ്പെട്ട് തൊഴിലാളികൾ

ദിവസേന കായലിലിറങ്ങി മീൻപിടിച്ചിരുന്ന തൊഴിലാളികൾക്ക് കുറച്ചു ദിവസമായി പണിയെടുക്കാൻ കഴിയുന്നില്ല. പായൽ നിറഞ്ഞുകിടക്കുന്നതിനാൽ വഞ്ചിയെടുക്കാൻ കഴിയാത്തതാണ് പ്രശ്നം. സുസ്ഥിരമീൻ തൊഴിലാളികളാണ് ഈ കായലിൽ മീൻപിടിച്ച് ജീവിക്കുന്നത്. ഇവരിൽ മുപ്പതുപേരും തൊഴിൽ തേടി മറ്റ് മേഖലകളിലേക്ക് പോകുകയാണ്. തൊഴിലിടം നഷ്ടപ്പെട്ടതോടെ മത്സ്യത്തൊഴിലാളി സമൂഹം വലയുകയാണ്. കായൽ മുഴുവൻ എക്കലടിഞ്ഞ് നിരാശരുക്കി ഇല്ലാതായി. മത്സ്യസമ്പത്ത് വലിയ തിരിയിൽ കുറഞ്ഞു. അതിനിടയിലാണ് കുന്നിയോൽ കുന്നുപോലെ, പോളപ്പായൽ വരുന്നത്. ഉൗന്നിവല, ചീനവല, നിട്ടുവല എന്നിവ ഉപയോഗിച്ചുള്ള മീൻപിടിത്തം നടക്കുന്നില്ല.

ഉൗന്നികൾക്ക് നാശം

ഒരു ഉൗന്നിക്കൂട്ടി സ്ഥാപിക്കുന്നതിന് കുറഞ്ഞത് 10,000 രൂപ വേണം. അത് ഒരുവർഷമെങ്കിലും നിലനിന്നിട്ടെങ്കിൽ വലിയ നഷ്ടമാകും. എന്നാൽ ഇപ്പോൾ പോളപ്പായൽ അടിഞ്ഞുകൂടി കൂടുകൾ തകർന്നുവീഴുകയാണ്. തറച്ച കുറ്റികൾ രണ്ടായി പോലും നിൽക്കുന്നില്ലെന്ന് തൊഴിലാളികൾ പറയുന്നു. ഇടക്കൊച്ചിയിൽ മാത്രം 300-ൽപ്പരം ഉൗന്നിക്കൂടികളുണ്ട്. ഇതിനെ ആശ്രയിച്ച് കഴിയുന്ന നിരവധി കുടുംബങ്ങളുമുണ്ട്. ഉൗന്നിവല മീൻപിടിത്തം നിലയ്ക്കുന്നത് ഈ കുടുംബങ്ങളെ തകർക്കും. ഈ രീതിയിൽ പോളപ്പായൽ എത്തിയാൽ, ഉൗന്നിവലകൾ തന്നെ ഇല്ലാതാകും.

പോളപ്പായൽ നീക്കാൻ സംവിധാനം വേണം

കുട്ടനാട്ടിൽനിന്ന് വരുന്ന പോളപ്പായലാണ് കായലിനെ നശിപ്പിക്കുന്നത്. പായൽ ഉറവിടത്തിൽ തന്നെ നശിപ്പിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. പായലും എക്കലും നീക്കി വേമ്പനാട്ട് കായലിനെ സംരക്ഷിക്കാൻ നടപടി വേണമെന്ന് ധീവരസഭാ കൊച്ചി താലൂക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പ് അധികൃതർ ഇടപെടണമെന്ന് ധീവരസഭാ താലൂക്ക് സെക്രട്ടറി വി.വി. ശിവപ്രസാദ് ആവശ്യപ്പെട്ടു.